പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 298 — 21.06.2013 - ൽ മറുപടിയ്ക്ക്

## കാൻസർ സുരക്ഷാ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. വി.ഡി.സതീശൻ
,, എം.എ.വാഹീദ്
,, റ്റി.എൻ.പ്രതാപൻ
,, ജോസഫ് വാഴക്കൻ

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാൻസർ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | 18 വയസ്സുവരെയുള്ള കുട്ടികൾക്കിടയിലെ ക്യാൻസർ രോഗത്തിന് സൗജന്യ ചികിത്സ ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ചില നിബന്ധനകൾക്കു വിധേയമായി കുടുംബ വരുമാനം മാനദണ്ഡമാക്കാതെ തന്നെ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ഈ പദ്ധതി ആനുകൂല്യം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെ ലഭ്യമാക്കി വരുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | വിവിധ ആശുപത്രികളുടെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | കാൻസർ ബാധിതരായ കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി നൽകുന്നത് ; | (സി) | കാൻസർ ബാധിതരായ 18 വയസ്സുവരെയുള്ള കുട്ടികൾ ഈ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതുമുതൽക്കുള്ള പരിശോധനകൾക്കും ചികിത്സയ്ക്കും മരുന്നിനുമായുള്ള എല്ലാ ചെലവുകളും പദ്ധതിയിലുൾപ്പെടുത്തി നൽകി വരുന്നു. |
| (ഡി) | പദ്ധതിക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പദ്ധതിക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്. |

| ക്രമ നം. | വർഷം | ബഡ്ജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 01 | 2007-2008 | 10,00,000/- | Nil | Nil |
| 02 | 2008-2009 | 1,50,00,000/- | 1,60,00,000/- | 1,60,00,000/- |
| 03 | 2009-2010 | 2,00,00,000/- | 2,00,00,000/- | 1,80,00,000/- |
| 04 | 2010-2011 | 2,50,00,000/- | 2,50,00,000/- | 3,32,00,000/- |
| 05 | 2011-2012 | 2,82,00,000/- | 2,82,00,000/- | 3,24,57,949/- |
| 06 | 2012-2013 | 5,00,00,000/- | 5,00,00,000/- | 5,05,00,000/- |

സെക്ഷൻ ഓഫീസർ